**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1036 — 12.12.2012 ൽ മറുപടിക്ക്

## 'ടേക്ക് എ ബ്രേക്ക് പദ്ധതി'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.അച്ചുതൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ.റ്റി. ജോർജ്ജ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാര വകുപ്പ് 'ടേക്ക് എ ബ്രേക്ക് പദ്ധതി' എന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ: | എ) ഉണ്ട് |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) വിനോദസഞ്ചാരികൾക്കും ദീർഘദൂര യാത്രികർക്കും തങ്ങളുടെ യാത്രയ്ക്കിടയിൽ താൽക്കാലിക വിശ്രമത്തിനും ഉണർവിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, യാത്രയ്ക്ക് ആവശ്യമായതും, വിനോദ സഞ്ചാരത്തിനുതകുന്നതുമായ വിവരങ്ങൾ സുഗമമായി ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ |
| സി) വിനോദസഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത്; | സി) വിനോദ സഞ്ചാരികൾക്കും ദീർഘദൂര യാത്രികൾക്കും, തീർത്ഥാടകർക്കും വിശ്രമം, ലഘുഭക്ഷണം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ, ടോയ്ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, യാത്രാ സംബന്ധമായ ഇൻഫോർമേഷൻ കിയോസ്ക്, എ.ടി.എം കൗണ്ടറുകൾ, കുട്ടികൾക്കായി വിനോദ ഉപാധികൾ തുടങ്ങിയവയാണ് ഇത്തരം കേന്ദ്രങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| ഡി) പദ്ധതിയിൽ വിവിധ സാങ്കേതിക വിദ്യകൾ എങ്ങനെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ഡി) ടൂറിസം സംബന്ധിച്ച വിവര സമാഹരണത്തിനും സഞ്ചാരികൾക്ക് അവ ലഭ്യമാക്കുന്നതിനും നൂതന വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതാണ്. എ.ടി.എം കൗണ്ടറുകൾ, കുട്ടികളുടെ ഉല്ലാസത്തിനായി സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വിവിധ സംവിധാനങ്ങൾ തുടങ്ങിയവയും ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ